## സർക്കുലർ നമ്പർ 51/20

നമ്പർ.ജി(4)3056/2020 — സഹകരണ സംഘം രജിസ്ട്രാർആഫീസ്, തിരുവനന്തപുരം, തിയതി:03.06.2020

വിഷയം:- സഹകരണ വകുപ്പ് - ഓൺലൈൻ ക്ലാസ്സുകൾക്ക് സൗകര്യങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി ബഹു. സഹകരണ വകുപ്പ് മന്ത്രിക്കു സമർപ്പിച്ച 16.05.2020 ലെ No. 190/2000/M(EDN) നം. കത്ത്.

കോവിഡ് 19 മഹാമാരിയെ തുടർന്ന് പ്രഖ്യാപിച്ചിട്ടുള്ള ലോക്ക്ഡൗൺ കാലയളവിൽ സംസ്ഥാനത്തെ വിദ്യാലയങ്ങൾ തുറന്നു പ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിലും 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് ഓൺലൈൻ വഴി പഠനം ആരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. വിക്ടേഴ്സ് ചാനൽ വഴിയാണ് കുട്ടികൾക്ക് ഓൺലൈൻ പഠനം ലഭ്യമാക്കുന്നത്. എല്ലാ വിദ്യാർത്ഥികൾക്കും ടി ചാനൽ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. ഏതെങ്കിലും കാരണവശാൽ ഓൺലൈൻ ക്ലാസ്സ് ലഭിക്കാത്ത വിദ്യാർത്ഥികളെ തിരിച്ചറിഞ്ഞ് വായനശാലപോലുള്ള പൊതുസ്ഥലങ്ങളിൽ വച്ചോ, വീട്ടിൽത്തന്നെ കാണാവുന്ന രീതിയിൽ സംവിധാനങ്ങൾ ഒരുക്കിയോ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഇത്തരം സൗകര്യങ്ങൾ ലഭ്യമല്ലാത്ത സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് ടി സൗകര്യം ലഭ്യമാക്കേണ്ടതായിട്ടുണ്ട്. ടി ആവശ്യത്തിലേക്കായി അതാത് പ്രദേശങ്ങളിലെ വിദ്യാലയങ്ങളിലെ പ്രഥമ അധ്യാപകർ നൽകുന്ന പട്ടിക പ്രകാരമുള്ളതോ, നിർദ്ധന വിദ്യാർത്ഥികളായ ബാങ്ക് അതിർത്തിയ്ക്കുള്ളിൽ താമസിക്കുന്ന ബാങ്ക് കണ്ടെത്തുന്ന അർഹരായ വിദ്യാർത്ഥികൾക്കോ ടെലിവിഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന് സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രതയ്ക്കനുസരിച്ച് അനുമതി നൽകുന്നു.

(ഒപ്പ്)
ഡോ.നരസിംഹഗരി.റ്റി.എൽ.റെഡ്ഡി ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-

1. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
2. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
3. എല്ലാ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന).
4. എല്ലാ താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും. (ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന).
5. എല്ലാ സഹകരണ സംഘങ്ങൾക്കും )ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന).

6. എഡിറ്റർ, സഹകരണ വീഥി.
7. സ്റ്റോക്ക് ഫയൽ
8. വെബ് സൈറ്റ്

ആജ്ഞാനുസരണം

അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്)